പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1023 — 02.12.2015 ൽ മറുപടിയ്ക്ക്

## പിന്നോക്ക ക്ഷേമ കോർപ്പറേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. റ്റി. യു. കുരുവിള** | | **ശ്രീ. എ.പി. അനിൽകുമാർ (പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** |
| എ) | പിന്നോക്ക ക്ഷേമ കോർപ്പറേഷൻ വഴി ഇപ്പോൾ നല്കി വരുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ; | എ) | സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) | പ്രസ്തുത കോർപ്പറേഷൻ വഴി നല്കുന്ന തൊഴിൽദാന പദ്ധതികളുടെ ലോൺ തുക ഉയർത്തുന്നതിനും ലോൺ തുകകൾ കൃത്യമായി അടച്ച് തീർക്കുന്നവർക്ക് 5% പലിശ ഇളവ് നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ; | ബി) | പരിശോധിക്കുന്നതാണ് |
| സി) | പ്രസ്തുത കോർപ്പറേഷൻ വഴി നല്കുന്ന തൊഴിൽദാന ലോൺ പദ്ധതിയിൽ 50,000 രൂപയ്ക്ക് ഒരു എംപ്ലോയി എന്നത് രണ്ട് ലക്ഷം രൂപയ്ക്ക് ഒരാൾ എന്ന നിലയിൽ പരിഷ്കരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | സി) | നിലവിൽ രണ്ടരലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് 30,000/- രൂപ അറ്റ ശമ്പളം ഉള്ള ഒരു ഉദ്യോഗസ്ഥ ജാമ്യത്തിന്മേലാണ് നല്കി വരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## കോർപ്പറേഷന്റെ വായ്പാ പദ്ധതികൾ

മറ്റു പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമത്തിനായി
നടപ്പിലാക്കുന്ന പദ്ധതികൾ

### NBCFDC പദ്ധതികൾ

**1 സ്വയം തൊഴിൽ വായ്പ**

പരമാവധി തുക. - 10 ലക്ഷം രൂപ
പലിശ നിരക്ക് - 5 ലക്ഷം രൂപ വരെ 6%, 5 ലക്ഷത്തിനു മുകളിൽ 8%
തിരിച്ചടവ് കാലാവധി - 2 ലക്ഷം രൂപ വരെ 60 മാസം
പ്രായ പരിധി - 18നും - 55നും മദ്ധ്യേ
വാർഷിക വരുമാന പരിധി - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000

**2 വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ)**

പരമാവധി തുക - 1,00,000 രൂപ
പലിശ നിരക്ക് - 5%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായ പരിധി - 18നും - 55നും മദ്ധ്യേ
വാർഷിക വരുമാന പരിധി - ഗ്രാമങ്ങളിൽ 40500, നഗരങ്ങളിൽ 51500

**3 സാക്ഷം (അംഗീകൃത പ്രൊഫഷണൽ വിദ്യാഭ്യാസമോ പരിശീലനമോ നേടിയിട്ടുള്ളവർക്കുള്ള സ്വയം തൊഴിൽ വായ്പ)**

പരമാവധി തുക - 10 ലക്ഷം രൂപ
പലിശ നിരക്ക് - 5 ലക്ഷം രൂപ വരെ 6% , 5 ലക്ഷത്തിനു മുകളിൽ 8%
തിരിച്ചടവ് കാലാവധി - 2 ലക്ഷം രൂപ വരെ 60 മാസം
2 മുതൽ 5 ലക്ഷം വരെ 72 മാസം
പ്രായ പരിധി - 18നും - 35നും മദ്ധ്യേ
വാർഷിക വരുമാന പരിധി - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000

**4 വിദ്യാഭ്യാസ വായ്പ (ഗവ: അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ ബിരുദ/ബിരുദാനന്തര കോഴ്സിന് പഠിക്കുന്നവർക്ക്**

*കേരളത്തിൽ പഠിക്കുന്നതിന്*
7.5 ലക്ഷം രൂപ (പ്രതിവർഷം 1,50,000 രൂപ)
*ഇന്ത്യയിൽ പഠിക്കുന്നതിന്*
പരമാവധി തുക - 10 ലക്ഷം രൂപ, പ്രതിവർഷം 200000 രൂപ നിരക്കിൽ
*വിദേശത്ത് പഠിക്കുന്നതിന്*
പരമാവധി തുക - 20 ലക്ഷം രൂപ, പ്രതിവർഷം 500000 രൂപ നിരക്കിൽ
പലിശ നിരക്ക് - ആൺകുട്ടികൾക്ക് 4%, പെൺകുട്ടികൾക്ക് 3.5%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായ പരിധി - 16നും - 32നും മദ്ധ്യേ
വാർഷിക വരുമാന പരിധി - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000

**5** **ശില്പ സമ്പദ (കരകൗശല മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ആധുനിക സാങ്കേതിക വിദ്യകളിൽ വിദഗ്ധ പരിശീലനം നേടുന്നതിനും തൊഴിൽ സംരംഭത്തിനും**

| | | |
|---|---|---|
| പരമാവധി തുക | - 10 ലക്ഷം രൂപ | |
| പലിശ നിരക്ക് | - 5 ലക്ഷം രൂപ വരെ | - 6% |
| | 5 ലക്ഷത്തിനു മുകളിൽ | - 8% |
| തിരിച്ചടവ് കാലാവധി | - 60 മാസം മുതൽ 84 മാസം വരെ | |
| പ്രായ പരിധി | - 18നും - 55നും മദ്ധ്യേ | |
| വാർഷിക വരുമാന പരിധി | - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000 | |

**6** **ലഘു വായ്പ (NGO/CDS മുഖേന തൊഴിൽ സംരംഭകരെ ചെറുകിട തൊഴിലുകളിൽ പ്രാപ്തരാക്കുന്നതിന്)**

| | |
|---|---|
| പരമാവധി തുക | - 50 ലക്ഷം രൂപ (CDS-ന്) (ഒരു സ്വയം സഹായ സംഘാംഗത്തിന് പരമാവധി 25000 രൂപ) |
| പലിശ നിരക്ക് (ഗുണഭോക്താക്കൾക്ക്) | - 5% |
| തിരിച്ചടവ് കാലാവധി | - 36 മാസം |
| വാർഷിക വരുമാന പരിധി | - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000 |

NGOകളെ പരിഗണിക്കുമ്പോൾ നിയമാനുസൃതം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകളുടെ കീഴിലുള്ള അംഗീകൃത സ്വയം സഹായ സംഘങ്ങളിലെ (SHG) അംഗങ്ങൾക്ക് കെ.എസ്.ബി.സി.ഡി.സി- യുടെ നിബന്ധനകൾ പ്രകാരം enlistment നടത്തിയാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നത്.

**7** **മഹിളാ സമൃദ്ധി യോജന (CDS മുഖേന- സ്ത്രീകൾക്കു വേണ്ടിയുള്ള പദ്ധതി )**

| | |
|---|---|
| പരമാവധി തുക | - 50 ലക്ഷം രൂപ (CDS-ന്) (ഒരു സ്വയം സഹായ സംഘാംഗത്തിന് പരമാവധി 25000 രൂപ) |
| പലിശ നിരക്ക് (ഗുണഭോക്താക്കൾക്ക്) | - 4% |
| തിരിച്ചടവ് കാലാവധി | - 36 മാസം |
| വാർഷിക വരുമാന പരിധി | - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000 |

# ന്യൂനപക്ഷ മത വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ

## NMDFC പദ്ധതികൾ

### 1 സ്വയം തൊഴിൽ വായ്പ

<u>പദ്ധതി – 1</u>

പരമാവധി തുക - 15 ലക്ഷം രൂപ
പലിശ നിരക്ക് - 6%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായപരിധി - 18നും 55നും മദ്ധ്യേ
വാർഷിക വരുമാനപരിധി - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000

<u>പദ്ധതി – 2</u>

പരമാവധി തുക - 20 ലക്ഷം രൂപ
പലിശ നിരക്ക് - പുരുഷന്മാർ - 8% സ്ത്രീകൾ - 6%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായപരിധി - 18നും 55നും മദ്ധ്യേ
വാർഷിക വരുമാനപരിധി - 6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്

### 2 വിദ്യാഭ്യാസ വായ്പ (ഗവൺമെന്റ് അംഗീകൃത ടെക്നിക്കൽ/ പ്രൊഫഷണൽ ഡിപ്ലോമ / ഡിഗ്രി കോഴ്സിന് പഠിക്കുന്നവർക്ക്)

<u>പദ്ധതി – 1</u>

***<u>കേരളത്തിൽ പഠിക്കുന്നതിന്</u>***

പരമാവധി തുക - 7.5 ലക്ഷം രൂപ
(പ്രതിവർഷം 1.5 ലക്ഷം രൂപ നിരക്കിൽ)

***<u>ഇന്ത്യയിൽ പഠിക്കുന്നതിന്</u>***

പരമാവധി തുക - 10 ലക്ഷം രൂപ
(പ്രതിവർഷം 2 ലക്ഷം രൂപ നിരക്കിൽ)

***<u>വിദേശത്ത് പഠിക്കുന്നതിന്</u>***

പരമാവധി തുക - 20 ലക്ഷം രൂപ
(പ്രതിവർഷം 4 ലക്ഷം രൂപ നിരക്കിൽ)
പലിശ നിരക്ക് - 3%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായപരിധി - 16നും 32നും മദ്ധ്യേ
വാർഷിക വരുമാനപരിധി - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000

പദ്ധതി - 2

*ഇന്ത്യയിൽ പഠിക്കുന്നതിന്*

പരമാവധി തുക - 20 ലക്ഷം രൂപ (പ്രതിവർഷം 4 ലക്ഷം രൂപ നിരക്കിൽ)

*വിദേശത്ത് പഠിക്കുന്നതിന്*

പരമാവധി തുക - 30 ലക്ഷം രൂപ (പ്രതിവർഷം 6 ലക്ഷം രൂപ നിരക്കിൽ)
പലിശ നിരക്ക് - ആൺകുട്ടികൾക്ക് - 8%, പെൺകുട്ടികൾക്ക് - 5%
തിരിച്ചടവ് കാലാവധി - 60 മാസം
പ്രായപരിധി - 16നും 32നും മദ്ധ്യേ
വാർഷിക വരുമാനപരിധി - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000

## 3 ലഘുവായ്പ (NGO/CDS മുഖേന- തൊഴിൽ സംരഭകരെ ചെറുകിട തൊഴിലുകളിൽ പ്രാപ്തരാക്കുന്നതിന്

പരമാവധി തുക - 25 ലക്ഷം രൂപ (NGO/CDS ന്)
(ഒരു സ്വയം സഹായ സംഘാംഗത്തിന് പരമാവധി 25000 രൂപ)
പലിശ നിരക്ക് - NGO/CDS - 2% SHG - 7%
തിരിച്ചടവ് കാലാവധി - 36 മാസം
വാർഷിക വരുമാന പരിധി - ഗ്രാമങ്ങളിൽ 81000, നഗരങ്ങളിൽ 103000

NGOകളെ പരിഗണിക്കുമ്പോൾ നിയമാനുസൃതം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനകളുടെ കീഴിലുള്ള അംഗീകൃത സ്വയം സഹായ സംഘങ്ങളിലെ (SHG) അംഗങ്ങൾക്ക് കെ.എസ്.ബി.സി.ഡി.സി- യുടെ നിബന്ധനകൾ പ്രകാരം enlistment നടത്തിയാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നത്.

## KSBCDC പദ്ധതികൾ

### 1 വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ

| | |
|---|---|
| പരമാവധി തുക | - 100000 രൂപ |
| പലിശ നിരക്ക് | - 8% |
| തിരിച്ചടവ് കാലാവധി | - 60 മാസം |
| പ്രായപരിധി | - 18നും 50നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 103000 രൂപയിൽ താഴെ |

### 2 പെൺകുട്ടികളുടെ വിവാഹ ധനസഹായ വായ്പ

| | |
|---|---|
| പരമാവധി തുക | - 1.50 ലക്ഷം രൂപ |
| പലിശ നിരക്ക് | - 6% |
| തിരിച്ചടവ് കാലാവധി | - 60 മാസം |
| പ്രായപരിധി | - 18നും 60നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 103000 രൂപയിൽ താഴെ |

### 3 വ്യക്തിഗത വായ്പ

| | |
|---|---|
| പരമാവധി തുക | - 300000 രൂപ |
| പലിശ നിരക്ക് | - 11% |
| തിരിച്ചടവ് കാലാവധി | - 72 മാസം |
| പ്രായപരിധി | - 18നും 60നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 6 ലക്ഷം രൂപയിൽ താഴെ |

### 4 സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള വാഹന വായ്പ

| | |
|---|---|
| പരമാവധി തുക | - 500000 രൂപ |
| പലിശ നിരക്ക് | - 10% |
| തിരിച്ചടവ് കാലാവധി | - 60 മുതൽ 72 മാസം വരെ |
| പ്രായപരിധി | - 18നും 60നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 6 ലക്ഷം രൂപയിൽ താഴെ |

### 5 സർക്കാർ /പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള കൺസ്യൂമർ ഡ്യൂറബിൾ വായ്പ

| | |
|---|---|
| പരമാവധി തുക | - 200000 രൂപ |
| പലിശ നിരക്ക് | - 10% |
| തിരിച്ചടവ് കാലാവധി | - 60 മാസം |
| പ്രായപരിധി | - 18നും 60നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 6 ലക്ഷം രൂപയിൽ താഴെ |

### 6 സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കുള്ള സ്വസ്ഥഗൃഹ (ഭവന പുനരുദ്ധാരണ) വായ്പ

| | |
|---|---|
| പരമാവധി തുക | - 3 ലക്ഷം രൂപ |
| പലിശ നിരക്ക് | - 10.5 % |
| തിരിച്ചടവ് കാലാവധി | - പരമാവധി 72 മാസം |
| പ്രായപരിധി | - 18നും 60നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - 6 ലക്ഷം രൂപയിൽ താഴെ |

**7** **പ്രവർത്തന മൂലധന വായ്പ (കോർപ്പറേഷനിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്തവർക്ക് വായ്പയുടെ തിരിച്ചടവിന് ശേഷം ബിസിനസ്സ് വികസിപ്പിക്കുന്നതിന് )**

| | | |
|---|---|---|
| പരമാവധി തുക | - | 2 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 7% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായപരിധി | - | 18നും 55നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | 103000 രൂപയിൽ താഴെ |

**8** **വിദ്യാശ്രീ വായ്പ (ദേശീയ ഏജൻസികളുടെ പദ്ധതിപ്രകാരം വായ്പ അനുവദിക്കാൻ സാധിക്കാത്ത തൊഴിൽ സാദ്ധ്യതയുള്ള കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് )**

| | | |
|---|---|---|
| പരമാവധി തുക | - | 2 ലക്ഷം രൂപ (പ്രതിവർഷം 1 ലക്ഷം രൂപ നിരക്കിൽ) |
| പലിശ നിരക്ക് | - | 6% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായപരിധി | - | 16നും 32നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | 103000 രൂപയിൽ താഴെ |

**9** **ബിസിനസ് ഡെവലപ്മെന്റ് വായ്പ (നിലവിലുള്ള ചെറുകിട ഇടത്തരം സംരംഭം വിപുലീകരിക്കുന്നതിന്)**

| | | |
|---|---|---|
| പരമാവധി തുക | - | 3 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 9% |
| തിരിച്ചടവ് കാലാവധി | - | 72 മാസം |
| പ്രായപരിധി | - | 18നും 60നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | 103000 രൂപയിൽ താഴെ |

**10** **സുവർണ്ണശ്രീ (വിവിധോദ്ദേശ വായ്പ)**

| | | |
|---|---|---|
| പരമാവധി തുക | - | 2 ലക്ഷം രൂപ |
| പലിശ നിരക്ക് | - | 9% |
| തിരിച്ചടവ് കാലാവധി | - | 60 മാസം |
| പ്രായപരിധി | - | 18നും 55നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | - | 103000 രൂപയിൽ താഴെ |

**11** **സ്വയംതൊഴിൽ വായ്പ**

| | |
|---|---|
| പരമാവധി തുക | 10 ലക്ഷം രൂപ |
| പലിശ നിരക്ക് | 5 ലക്ഷം രൂപ വരെ 6%, അതിനുമുകളിൽ 8% |
| തിരിച്ചടവ് കാലാവധി | 72 മാസം |
| പ്രായപരിധി | 18നും 55നും മദ്ധ്യേ |
| വാർഷിക വരുമാന പരിധി | 103000 രൂപയിൽ താഴെ |

## മറ്റു പ്രവർത്തനങ്ങൾ

**1 പ്രദർശനവും വിപണന മേളയും**

ഗുണഭോക്താക്കൾ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടെ വിപണനത്തിനും, പ്രചരണത്തിനും വേണ്ടി പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുകയും ഇതര സർക്കാർ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന സംസ്ഥാന / ദേശീയതല വിപണന മേളകളിൽ ഗുണഭോക്താക്കളെ പങ്കെടുപ്പിക്കുകയും ചെയ്തു വരുന്നു.

**2 സൗജന്യ തൊഴിലധിഷ്ഠിത പരിശീലനം**

സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്ന മറ്റു പിന്നോക്ക/മത ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി വിവിധ മേഖലകളിൽ ഓരോ വർഷവും സൗജന്യ ഹ്രസ്വകാല തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നു.

## ജാമ്യ വ്യവസ്ഥ

**വായ്പക്കാരന്റെ സ്വന്തം ജാമ്യത്തിനുപുറമെ താഴെ ചേർക്കുന്ന ഏതെങ്കിലും ജാമ്യം നൽകേണ്ടതാണ്.**

1. ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ, കെ.എസ്.എഫ്.ഇ, പോസ്റ്റ് ഓഫീസ് എന്നിവിടങ്ങളിലെ സ്ഥിര നിക്ഷേപ പത്രങ്ങൾ, ദേശീയ സമ്പാദ്യ പദ്ധതി (NSC, LIC പോളിസി)
2. ഉദ്യോഗസ്ഥ ജാമ്യം
3. വസ്തു ജാമ്യം

ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ഇവയിൽ ഏതു ജാമ്യവും ഹാജരാക്കാം. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ഉദ്യോഗസ്ഥജാമ്യമോ വസ്തു ജാമ്യമോ ഹാജരാക്കേണ്ടതാണ്. 3 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വസ്തു ജാമ്യം മാത്രമേ സ്വീകരിക്കുകയുള്ളൂ.

**1 സ്ഥിര നിക്ഷേപം**

നിക്ഷേപതുകയുടെ 80% തുക വരെ വായ്പയായി അനുവദിക്കുന്നതാണ്. നിക്ഷേപം നടത്തിയിരിക്കുന്ന ബാങ്കിൽ നിന്നും ലീൻ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. മറ്റൊരാളുടെ പേരിലുള്ള സ്ഥിര നിക്ഷേപമാണെങ്കിൽ, ജാമ്യമായി സ്ഥിര നിക്ഷേപം കോർപ്പറേഷനിൽ നിക്ഷേപിക്കുന്നതിനും, ആവശ്യമുള്ള പക്ഷം കാലാവധി പൂർത്തിയാകുമ്പോൾ ലഭിക്കുന്ന തുക വായ്പാ ബാധ്യത തീർക്കുന്നതിന് വിനിയോഗിക്കുന്നതിനും അനുമതി നൽകുന്ന സമ്മതപത്രം ഹാജരാക്കണം.

**എൽ.ഐ.സി പോളിസി**

പോളിസി സറണ്ടർ തുകയുടെ 80% വരെ വായ്പയായി അനുവദിക്കുന്നതാണ്. വായ്പാ തിരിച്ചടവ് കാലയളവിനേക്കാൾ 6 മാസമെങ്കിലും കാലാവധി ഉള്ള പോളിസി മാത്രമേ സ്വീകരിക്കുകയുള്ളൂ. എൽ.ഐ.സി യിൽ നിന്നും ലീൻ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.

8

## ദേശീയ സമ്പാദ്യ പദ്ധതി (NSC)

നിക്ഷേപതുകയുടെ 80% തുക വരെ വായ്പയായി അനുവദിക്കുന്നു. വായ്പ തിരിച്ചടവ് കാലയളവിനേക്കാൾ 6 മാസമെങ്കിലും കാലാവധി ഉള്ള നിക്ഷേപങ്ങൾ മാത്രമേ സ്വീകരിക്കുകയുള്ളു. പോസ്റ്റോഫീസിൽ നിന്നും ലീൻ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്.

## 2 ഉദ്യോഗസ്ഥ ജാമ്യം

1. ജാമ്യക്കാരനായ ഉദ്യോഗസ്ഥൻ സർക്കാർ / അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികൾ, സംസ്ഥാന അടിസ്ഥാനത്തിലുള്ള apex സഹകരണ സ്ഥാപനങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, സർക്കാർ എയിഡഡ് സ്കൂളുകൾ, കോളേജുകൾ എന്നീ സ്ഥാപനങ്ങളിൽ സ്ഥിരം സേവനമനുഷ്ഠിക്കുന്നവരായിരിക്കണം. പ്രാഥമിക സഹകരണ സംഘങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടേയും സ്വാകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെയും ജാമ്യം സ്വീകരിക്കുന്നതല്ല.

2. ജാമ്യക്കാരന് വായ്പയുടെ തിരിച്ചടവ് കാലാവധിയേക്കാൾ ഒരു വർഷം കൂടുതൽ സർവ്വീസ് ബാക്കി ഉണ്ടായിരിക്കേണ്ടതാണ്.

3. മൊത്ത ശമ്പളത്തിന്റെ 60% ൽ കൂടുതൽ റിക്കവറി ഉള്ള ശമ്പള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

4. ജാമ്യക്കാരനായ ഉദ്യോഗസ്ഥന് വായ്പതുകയുടെ 12% ൽ കുറയാത്ത മൊത്ത ശമ്പളം ആവശ്യമാണ്. ശമ്പളത്തിൽ നിന്നും റിക്കവറി നടത്തുന്നതിനുള്ള മേലുദ്യോഗസ്ഥന്റെ സമ്മതപത്രം ഹാജരാക്കാത്തപക്ഷം വായ്പാ തുകയുടെ 20% ൽ കുറയാത്ത മൊത്ത ശമ്പളം ആവശ്യമാണ്.

5. ഒരു ഉദ്യോഗസ്ഥന്റെ മൊത്തശമ്പളം തികയാതെ വന്നാൽ ഒന്നിൽ കൂടുതൽ ഉദ്യോഗസ്ഥ ജാമ്യം പരിഗണിക്കാവുന്നതാണ്. 2.5 ലക്ഷത്തിനു മുകളിലുള്ള വായ്പയ്ക്ക് 2 ജാമ്യം അനിവാര്യമാണ്.

6. ഉദ്യോഗസ്ഥർക്ക് അനുവദിക്കുന്ന വായ്പകൾക്ക്, അപേക്ഷകന് പ്രതിമാസ തിരിച്ചടവ് സംഖ്യയുടെ 3 ഇരട്ടിയെങ്കിലും മാസ അറ്റവേതനം ആവശ്യമാണ്.

7. ജാമ്യക്കാരനായ ഉദ്യോഗസ്ഥൻ കോർപ്പറേഷൻ നിശ്ചയിച്ചിട്ടുള്ള ഫോറത്തിൽ ശമ്പള സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. (ഫോം 3 A)

8. ജാമ്യക്കാരനായ ഉദ്യോഗസ്ഥൻ തന്നെ ഡ്രോയിംഗ് ഓഫീസറാണെങ്കിൽ തൊട്ടു മുകളിലുള്ള ഓഫീസറുടെ മേലൊപ്പ് ശമ്പള സർട്ടിഫിക്കറ്റിൽ ഉണ്ടായിരിക്കേണ്ടതാണ്.

9. ജാമ്യക്കാരൻ ഗസറ്റഡ് ഉദ്യോഗസ്ഥനാണെങ്കിൽ ജാമ്യക്കാരന് തന്നെ ശമ്പളസർട്ടിഫിക്കറ്റ് ഒപ്പിടാവുന്നതാണ്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ട്രഷറിയുടെ പേരും, ഉദ്യോഗസ്ഥന്റെ ഓഡിറ്റ് നമ്പറും ശമ്പള സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ തൊട്ടുമുകളിലുള്ള ഉദ്യോഗസ്ഥൻ ജാമ്യക്കാരന്റെ ഒപ്പ് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

10 കെ.എസ്.ഇ.ബി., പി.ഡബ്ല്യു.ഡി., കെ.ഡബ്ല്യു.എ. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന ശമ്പള സർട്ടിഫിക്കറ്റിൽ അസി. എക്സിക്യൂട്ടീവ് എൻജിനീയർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ ഒപ്പിടേണ്ടതാണ്.

11. ജാമ്യക്കാരൻ എയിഡഡ് സ്കൂൾ/കോളേജിലെ ഉദ്യോഗസ്ഥനാണെങ്കിൽ ശമ്പള സർട്ടിഫിക്കറ്റ് അതാത് സ്ഥാപനത്തിലെ ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ ഒപ്പിടേണ്ടതാണ്.

12. ശമ്പള സർട്ടിഫിക്കറ്റിൽ, സർട്ടിഫിക്കറ്റ് നൽകുന്ന ആളിന്റേയോ തൊട്ടു മുകളിലുള്ള ഉദ്യോഗ സ്ഥന്റെയോ പേര്, ഉദ്യോഗപേര്, ഓഫീസ് സീൽ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

13. ചില പൊതുമേഖല സ്ഥാപനങ്ങൾ/സ്വയം സംഭരണ സ്ഥാപനങ്ങൾ ഇവയിൽ ജോലി ചെയ്യുന്ന വരുടെ ജാമ്യം സ്വീകരിക്കുന്നതല്ല. ഇങ്ങനെയുള്ള സ്ഥാപനങ്ങളുടെ വിശദവിരങ്ങൾ ഹെഡ് ഓഫീസിൽ നിന്നും കാലാകാലങ്ങളിൽ അറിയിക്കുന്നതാണ്.

## 3 വസ്തു ജാമ്യം

1. ജാമ്യ വസ്തുവിന്റെ മതിപ്പുവിലയുടെ 80% തുക വായ്പയായി അനുവദിക്കും.
2. വസ്തുജാമ്യത്തിന് ഹാജരാക്കേണ്ട രേഖകൾ
   a. വസ്തുവിന്റെ അസൽ പ്രമാണം.
   b. മുൻ ആധാരം
   c. തഹസിൽദാർ/വില്ലേജ് ആഫീസർ/നിർദ്ദിഷ്ട KSBCDC ഉദ്യോഗസ്ഥൻ നൽകിയ വസ്തുവിന്റെ മതിപ്പുവില സർട്ടിഫിക്കറ്റ്/ ഫെയർ വാല്യൂ സർട്ടിഫിക്കറ്റ്
   d. വസ്തുവിന്റെ തന്നാണ്ടത്തെ കരം തീർത്ത രസീത്
   e. വില്ലേജ് ഓഫീസർ നൽകിയ നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
   f. വില്ലേജ് ഓഫീസർ നൽകിയ ലൊക്കേഷൻ സർട്ടിഫിക്കറ്റ്
   g. വില്ലേജ് ഓഫീസർ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റ്
   h. സബ് രജിസ്ട്രാറിൽ നിന്നുള്ള 13 വർഷത്തെ കുടിക്കിട സർട്ടിഫിക്കറ്റ്
   i. മറ്റൊരാളുടെ വസ്തുവാണെങ്കിൽ നൂറു രൂപ മുദ്രപത്രത്തിൽ ഉടമസ്ഥന്റെ സമ്മതപത്രം (നിർദ്ദിഷ്ട മാതൃകയിൽ)

KSBCDC

സെക്ഷൻ ഓഫീസർ.